# തീർത്ഥം

**നവംബർ 2024**



മരിച്ചവിശ്വാസികളുടെ ആത്മാക്കൾ കർത്താവിന്റെ
കാരുണ്യത്താൽ സമാധാനത്തിൽ ആശ്വസിക്കട്ടെ...!

## പുനലൂർ രൂപതാ ബുള്ളറ്റിൻ

# തീർത്ഥം
പുനലൂർ രൂപതാ ബുള്ളറ്റിൻ


രക്ഷാധികാരി
ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ

മാനേജിങ്ങ് എഡിറ്റർ
റവ. ഫാ. കോളിൻ നെപ്പോളിയൻ SCJ

ചീഫ് എഡിറ്റർ
റവ. ഫാ. വിനീത് ബനഡിക്ട് എൽ.

എഡിറ്റർ
റവ. ഫാ. ജസ്റ്റിൻ സഖറിയ


കവർ ഡിസൈൻ
റവ. ഫാ. വിനീത് ബനഡിക്ട് എൽ.

ലേ ഔട്ട്
റവ. ഫാ. വിനീത് ബനഡിക്ട് എൽ.


"വിശ്വാസം ഭയത്തെ പുറന്തള്ളുന്നു, ക്രിസ്തുവിന്റെ പുനരുത്ഥാനം ശവകുടീരത്തിലെ കല്ല് പോലെയുള്ള ദുഃഖം ഇല്ലാതാക്കുന്നു."

– ഫ്രാൻസിസ് പാപ്പ

സകലമരിച്ച വിശ്വാസികളുടെ തിരുന്നാൾ ദിനത്തിലെ സന്ദേശത്തിൽനിന്ന്





# ഇടയമൊഴി

സകല വിശുദ്ധരുടെ തിരുനാളും സകല മരിച്ച വിശ്വാസികളുടെ തിരുനാളും ഒന്നിച്ചുവരുന്ന മാസമാണ് നവംബർ. മരണം എന്ന യാഥാർത്ഥ്യത്തെ സത്യത്തിൽ നമ്മൾ ഓർക്കേണ്ടതും മനസ്സിലാക്കേണ്ടതും വിശ്വാസത്തിന്റ കണ്ണുകളിലൂടെയാണ്. ഓരോ ബലിയിലും നമ്മൾ നമ്മുടെ കർത്താവിന്റെ മരണവും ഉയിർപ്പുമാണ് അനുസ്മരിക്കുന്നത് എന്ന് നമുക്കറിയാം. വി. ജോൺപോൾ രണ്ടാമൻ പാപ്പ തന്റെ ചാക്രികലേഖനമായ "Ecclesia de Eucharistia (The Church from the Eucharist), 2003"-ൽ എഴുതി: "രക്ഷകന്റെ പീഢാസഹനത്തിന്റെയും മരണത്തിന്റെയും രഹസ്യം മാത്രമല്ല, അവന്റെ ത്യാഗത്തിന്റെ കിരീടമണിയിച്ച പുനരുത്ഥാനത്തിന്റെയും രഹസ്യം ദിവ്യബലിയിൽ അവതരിപ്പിക്കപ്പെടുന്നു." നമുക്കറിയാവുന്ന നമ്മുടെ വിശ്വാസത്തെ പരിശുദ്ധ പിതാവ് ഒരിക്കൽക്കൂടെ ഓർമ്മിപ്പിക്കുകയാണ് ഇവിടെ.

അതുകൊണ്ടുതന്നെ ഓരോ പ്രാവശ്യവും ദിവ്യബലിക്കായി നമ്മൾ ഒരുമിച്ചുകൂടുമ്പോൾ പ്രത്യാശ നമ്മിൽ വളരേണ്ടിയിരിക്കുന്നു. കാരണം, മരണത്തിൽ അവസാനിക്കുന്ന ജീവിതത്തെക്കുറിച്ചല്ല, മരണം കടന്ന് നിത്യതയിലേക്കു പ്രവേശിക്കുന്ന ജീവിതത്തെകുറിച്ചാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. അതുകൊണ്ടാണ് വി. പൗലോസപ്പസ്തോലൻ നമ്മെ പഠിപ്പിക്കുന്നത് : "ഈ ജീവിതത്തിനു വേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരേക്കാളും നിർഭാഗ്യരാണ്" (1 കോറി 15: 19). അതുകൊണ്ടാണ് പ്രത്യാശയോടുകൂടെ മരണപ്പെട്ടവരാണെന്ന ബോധ്യത്തിൽ പരേതരെ അനുസ്മരിക്കുന്ന പ്രാർത്ഥനകളിൽ "ഭാഗ്യപ്പെട്ട മരിച്ചവരെ" എന്ന് പരേതരെ സഭ അഭിസംബോധന ചെയ്യുന്നു.

പരേതരെ അനുസ്മരിക്കുന്ന ഈ മാസത്തിൽ നമ്മുടെ കുടുംബങ്ങളിൽ നിന്നും ഇടവകകളിൽ നിന്നും മരണപ്പെട്ട എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കാം. ഒപ്പം, നമുക്ക് മരിച്ചവരുടെ ഉയിർപ്പിൽ വിശ്വസിക്കുന്നവരാകുകയും ചെയ്യാം.

പൈതൃകാശിർവ്വാദത്തോടെ,

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
**പുനലൂർ രൂപത**

# എഡിറ്റോറിയൽ...

"ഓർമ്മിക്കുവാൻ ഞാൻ നിനക്കെന്തു നൽകണം
ഓർമ്മിക്കണം എന്ന വാക്കു മാത്രം"

ഓർമ്മ നിറയുന്ന നവംബർ. പ്രിയപ്പെട്ടവരുടെ, ചേർത്തുനിർത്തിയവരുടെ, കാവലാളായവരുടെ, കരം ചേർത്തവരുടെ....

യേശു അന്ത്യത്താഴ സമയത്ത് പ്രിയപ്പെട്ടവരോടായി അരുളിചെയ്തു: 'ഇത് നിങ്ങൾ എന്റെ ഓർമ്മക്കായി ചെയ്യുവിൻ.'

എന്താണ് ഓർക്കേണ്ടത്? കടന്നു പോയവർ അവശേഷിപ്പിച്ച ജീവിതപാഠങ്ങൾ, അവർ നമുക്കു പകർന്നു നൽകിയ വെളിച്ചം, തിരമാലകൾക്കിടയിൽ പോലും അവർ പുലർത്തിയ ശാന്തത, ചൊല്ലിപഠിപ്പിച്ച പ്രാർത്ഥനകൾ, ക്ഷമ, ഒപ്പം അവരുടെ ചില കുറവുകളും.

അത് എന്തിനാണ്? കുറവുകൾ, ബലഹീനതകൾ ഒക്കെ മനുഷ്യസഹജമാണ്. അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ നമുക്ക് കാരണങ്ങളായി ത്തീരുന്ന കാര്യങ്ങളാണവ.

എന്തിനാണ് ഓർമ്മിക്കേണ്ടത്? ദൈവത്തിനും മനുഷ്യനുമിടയിലെ മധ്യസ്ഥനായ ക്രിസ്തു ശുദ്ധീകരണ സ്ഥലത്തെ ഓരോ ആത്മാവിനെയും രക്ഷിക്കാൻ മധ്യസ്ഥപ്രാർത്ഥനകൾ നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു, പ്രിയപ്പെട്ടവർക്കുവേണ്ടിയും പ്രാർത്ഥിക്കാൻ ആരോരുമില്ലാത്തവർക്കു വേണ്ടിയും.

പ്രാർത്ഥനവഴി നമുക്ക് വീണ്ടും അവരുടെ കരം പിടിക്കാം, ചേർന്നു നിൽക്കാം.

സകലാത്മാക്കൾക്കും കാരുണ്യവാനായ ദൈവം നിത്യജീവനരുളട്ടെ!

**ഫാ. വിനീത് ബനഡിക്ട് എൽ.**
ചീഫ് എഡിറ്റർ

# ജീവിതം അതിലോലം
# നിത്യതയോ
# കൂടുതൽ ശ്രേഷ്ഠം





സി. ഐറിൻ

ഒരിക്കൽ ഒരു വിധവ ശ്രീബുദ്ധന്റെ അടുക്കൽ ചെന്ന് തന്റെ മരിച്ചുപോയ കുട്ടിയെ ജീവിപ്പിച്ച് തരുവാൻ അപേക്ഷിച്ചു. അപ്പോൾ ശ്രീബുദ്ധൻ പറഞ്ഞത് ആരും മരിച്ചു പോകാത്ത വീട്ടിൽ നിന്ന് കുറച്ചു കടുകുമണി വാങ്ങിക്കൊണ്ടുവന്നാൽ കുട്ടിയെ ജീവിപ്പിച്ച് തരാം എന്ന് വാക്ക് കൊടുത്തു. ഈ സ്ത്രീ വളരെ പ്രതിക്ഷയോടെ വീടുകളിൽ കയറിയിറങ്ങി. കടുകുമണി കൊടുക്കാൻ എല്ലാവരും തയ്യാറായി. എന്നാൽ മരണം സംഭവിച്ചിട്ടില്ലാത്ത വീട് കണ്ടെത്താൻ സ്ത്രീയ്ക്ക് കഴിഞ്ഞില്ല. ഭൂമിയിൽ പിറന്നെങ്കിൽ മരണം സുനിശ്ചിതം .

ജനിച്ചാലും എടുക്കണം
മരിച്ചാലും എടുക്കണം
ഇടയ്ക്കെപ്പോഴോ സ്വയം
നടനെന്ന് കരുതി
അഹങ്കരിക്കാൻ
മർത്യന് ഒന്നുമില്ല....

എന്ന ഓർമ്മപ്പെടുത്തലാണ് ഓരോ പരേത സ്മരണയും.

ഈ സൗഹൃദം എന്നിൽ അവശേഷിപ്പിച്ച വിടവ് നികത്താൻ തന്റെ ജീവിതകാലം മുഴുവൻ വേണ്ടിവരും. സ്നേഹത്തിന് നല്കുന്ന വിലയാണ് ദുഃഖം. എന്റെ പ്രിയപ്പെട്ട വിളക്കുമാടത്തിനു വിട......
ഇന്ത്യയുടെ ജനപ്രിയ വ്യവസായി 86 വയസ്സുകാരനായ രത്തൻ ടാറ്റയുടെ മരണ ദിനം 30 വയസ്സുള്ള അദ്ദേഹത്തിന്റെ സുഹൃത്ത് ശന്തനു രണ്ടുപേരുടെയും ഒരുമിച്ചുള്ള ചിത്രം പങ്കു വച്ച് കുറിച്ച വാക്കുകൾ ആയിരുന്നു ഇത്. ഒരുകാലത്ത് ലോകത്തെ വിറപ്പിച്ച നെപ്പോളിയനും അലക്സാണ്ടറും ഹിറ്റ്ലറും മരണമെന്ന യാഥാർത്ഥ്യത്തിനു മുമ്പിൽ നിസ്സഹായരായി കീഴടങ്ങി. ഈ അടുത്ത കാലത്തുണ്ടായ വയനാട് ദുരന്തത്തിൽ വയനാട്ടിലെ ചൂരൽമല എന്ന ഗ്രാമവും ഗ്രാമവാസികളും ഒരു രാത്രിക്കൊണ്ട് ഇല്ലാതായതും ആ സ്ഥലം വെറുമൊരു തരിശുഭൂമിയായി മാറിയതും നാം നോക്കികണ്ടു.

ഇതൊക്കെ ഈ വിശ്വാസികളോട് വിളിച്ചോതുന്നത് ഇഹലോക ജീവിതത്തിന്റെ ഹ്രസ്വതയും ക്ഷണികതയുമാണ്. മരണമെന്ന സത്യത്തിന്

സ്ഥലകാലബോധമില്ല, വർഗ്ഗ വിവേചനമില്ല, കുബേരനെന്നോ കുചേലനെന്നോ വകഭേദവുമില്ല. ഈ ഭൂമിയിലെ ജീവിതം നശ്വരവും പരിമിതികൾക്ക് അധീനവുമാണ്.

മരണം വരുമൊരു നാൾ
ഓർക്കുക മർത്യാ നീ
കൂടെ പോരും നിൻ
ജീവിത ചെയ്തികളും
സൽകൃത്യങ്ങൾ ചെയ്യുക നീ
അലസത കൂടാതെ...

എന്ന വരികൾ ഓർമ്മിപ്പിക്കും പോലെ മരണം നിത്യതയിലേയ്ക്കുള്ള പ്രവേശനമാണ് അതിനാൽ ജീവിതത്തിൽ അലസരാകാതെ സൽകൃത്യങ്ങൾ ചെയ്തു മുന്നേറുക. മരണാനന്തര ജീവിതം അനശ്വരവും അപരിമേയവുമാണ് എന്നതിനാൽ അതിനെ ആശ്ലേഷിക്കാൻ പാപത്തെ ഉപേക്ഷിക്കുന്നവരാകാം. കാരണം പാപത്തിന്റെ ശമ്പളം മരണം ആണ്.

ക്രിസ്തു വിശ്വാസികളെ സംബന്ധിച്ച് ജീവിതം ഒരു അനുഗ്രഹീത യാത്രയാണ്. ഒരിടത്തു നിന്നും മറ്റൊരിടത്തേയ്ക്കുള്ള യാത്ര. അതായത് ദൃശ്യമായതിൽ നിന്നും അ ദൃശ്യതയിലേയ്ക്കുള്ള പ്രയാണം. ഈ ലോകജീവിതം അവസാനിക്കുമ്പോൾ തേജസ്സുള്ള നിത്യതയിൽ അതായത് സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രിസ്തുവിശ്വാസിയും. അതിനാൽ പ്രതീക്ഷയുടെ അല്ലെങ്കിൽ പ്രത്യാശയുടെ ജീവിതമാണ് നമുക്കുള്ളത്.

യോഹന്നാൻ ശ്ലീഹാ പറയുന്നു; ദൈവം ലോകത്തെ സ്നേഹിച്ചു. തന്റെ ഏകജാതനെ നല്കാൻ തക്ക വിധം ദൈവം അത്രമാത്രം ലോക ത്തെ സ്നേഹിച്ചു. എത്ര അത്ഭുതക രമായ സ്നേഹം. ക്രിസ്തു, പാപിക ളായ നമുക്കുവേണ്ടി കാൽവരി യിലെ, കുരിശിൽ മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു, ഇന്നും ജീവിക്കുന്നു. പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുമെന്നും ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. വചനം വെളിപ്പെടുത്തിയ ദൈവത്തെ വിശ്വസിക്കുക. ഈ ലോകജീവിതത്തിൽ മാനസാന്തരപ്പെട്ട് പുണ്യത്തിൽ ചരിച്ചാൽ നാം നിത്യസമ്മാനത്തിന് അർഹരായി സ്വർഗ്ഗത്തിൽ വിശുദ്ധർക്കും ദൂതന്മാർക്കുമൊപ്പം വാഴും. അതിനാൽ നീറ്റിലെ പോളയ്ക്ക് സദൃശ്യമായ ഈ ലോക ജീവിതത്തെ പരിപോഷിപ്പിക്കാൻ വ്യസനിക്കാതെ ആത്മീയപാതയിൽ നന്മയുടെ കെടാവിളക്കായി ശോഭിക്കാൻ നമ്മുക്ക് പരിശ്ര മിക്കാം.

"ഓർമ്മിക്കാം
ജീവിതത്തിൽ നഷ്ടപ്പെട്ടതൊന്നും
നാം കൊണ്ടുവന്നതല്ല
ഇത്രകണ്ട് ദു:ഖിക്കാൻ.
നേടിയതൊന്നും നാം
കൊണ്ടുപോകുന്നുമില്ല
ഇത്രമേൽ സന്തോഷിക്കാൻ."

എപ്പോൾ... എവിടെ... എങ്ങനെ ഇല്ലാതാവും.. ഒന്നും..അറിയില്ല. ഓരോ ദിനവും ദൈവിക ദാനം എന്ന ചിന്തയിൽ നന്മയുള്ളവരായി സദ്കർമ്മങ്ങൾ ചെയ്ത് സ്വർഗ്ഗം സ്വന്തമാക്കാൻ ദൈവം നമ്മെ തുണയ്ക്കട്ടെ.

# I. അജപാലന ശുശ്രൂഷ

## 1. മതബോധനവിഭാഗം

### ലിഖിതം 2025 പ്രകാശനം ചെയ്തു

പുനലൂർ രൂപതാ മതബോധന വിഭാഗം തയ്യാറാക്കിയ ബൈബിൾ ഡയറി (ലിഖിതം 2025) പ്രകാശന കർമ്മം പുനലൂർ രൂപതാധ്യക്ഷൻ അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവ് നിർവഹിച്ചു. പത്തനാപുരം ആനിമേഷൻ സെന്ററിൽ വച്ച് രൂപതാവൈദികർക്കായി നടത്തിയ മാസധ്യാനത്തിന് ശേഷം രൂപതയിലെ മുതിർന്ന വൈദികരിലൊരാളായ റവ. ഫാ. യൂജിൻ ഫെർണാണ്ടസി നൽകിക്കൊണ്ടാണ് അഭിവന്ദ്യ പിതാവ് ഡയറിയുടെ പ്രകാശനകർമ്മം നിർവഹിച്ചത്. തദവസരത്തിൽ രൂപതാ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വാസ്, മതബോധനം ഡയറക്ടർ ഫാ. ജിജോ ജോർജ് ഭാഗ്യോദയം, വൈദികർ, സന്ന്യസ്തർ, അൽമായർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



*ലിഖിതം 2025-ന്റെ പ്രകാശനം അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ നിർവഹിക്കുന്നു.*

## 2. കരിസ്മാറ്റിക്

### പുനലൂർ കരിസ്മാറ്റിക് ടീമിന്റെ നേതൃത്വത്തിൽ ഏകദിന ധ്യാനം

പുനലൂർ കരിസ്മാറ്റിക് സോണിന്റെ നേതൃത്വത്തിൽ 2024 ഒക്ടോബർ 19 ശനിയാഴ്ച രാവിലെ 10 മണി മുതൽ നാലുമണി വരെ പത്തനാപുരം സെൻറ് സേവിയേഴ്സ് ആനിമേഷൻ സെന്ററിൽ വച്ച് കൂദാശനുഭവ ധ്യാനം നടത്തി. ഫാ. ടോം SDB, ഫാ. റോയി ബി. സിംസൺ എന്നിവർ. ധ്യാനം നയിച്ചു. അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവ് ധ്യാനത്തിൽ സംബന്ധിച്ചവർക്ക് വേണ്ടി ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. എല്ലാ സബ്സോണിൽ നിന്നും വൈദികരും സന്ന്യസ്തരും വിശ്വാസികളും പങ്കെടുത്തു. പുനലൂർ രൂപത കരിസ്മാറ്റിക് ഡയറക്ടർ ഫാ.റിജോ, കോർ ടീം,സോണൽ ടീം സബ് സോണൽ ടീം അംഗങ്ങൾ കൂദാശനുഭവ ധ്യാനത്തിന് നേതൃത്വം നൽകി.



*കൂദാശാനുഭവ ധ്യാനത്തിൽ ഫാ. ടോം SDB പ്രസംഗിക്കുന്നു*

# II. വിദ്യാഭ്യാസ ശുശ്രൂഷ

## പുനലൂർ കോപ്പറേറ്റ് മാനേജ്മെൻറ് കാത്തലിക് സ്കൂൾ അധ്യാപകരായ സിസ്റ്റേഴ്സിന്റെ മീറ്റിംഗ്

പുനലൂർ കോർപ്പറേറ്റ് മാനേജ്മെന്റിലെ വിവിധ സ്കൂളുകളിൽ പ്രവർത്തിക്കുന്ന അധ്യാപകരായ റവ. സിസ്റ്റേഴ്സിന്റെ മീറ്റിംഗ് 25 ഒക്ടോബർ 2024 വെള്ളിയാഴ്ച വൈകിട്ട് 3:00 മണിക്ക് പുനലൂർ ബിഷപ്പ് ഹൗസിൽ വച്ച് നടത്തി. പ്രാർത്ഥനയോടുകൂടി ആരംഭിച്ച മീറ്റിങ്ങിൽ പുനലൂർ രൂപതാധ്യക്ഷനും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ രക്ഷാധികാരിയുമായ അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻപിതാവ് അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ക്രിസ്റ്റി ജോസഫ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാവ് സിസ്റ്റേഴ്സുമായി സംവദിക്കുകയും തുടർന്ന് വൈജ്ഞാനിക സഹ വൈജ്ഞാനിക വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. താഴെ പറയുന്ന കാര്യങ്ങൾ ചർച്ചാവിഷയമായി:

1.രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വിദ്യാഭ്യാസത്തെ കുറിച്ചുള്ള പ്രമാണരേഖ (ഗ്രാവിസിമം എദു കാസിയോണിസ്, Gravissimum Educationis) ഗൗരവപൂർണ്ണമായ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കു റിച്ച് കുറിച്ച് പഠിപ്പിക്കുന്നു.
2.സന്യസ്ത ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വത്തിക്കാൻ കൗൺസിൽ ഡിഗ്രി (Perfectae Caritatis) സ്നേഹത്തിൻറെ പൂർണതയും
3.ഫ്രാൻസിസ് പാപ്പായുടെ പുതിയ ചാക്രിയ ലേഖനം (DILEXIT NOS, He Loved Us) യേശുവിന്റെ തിരുഹൃദയത്തെ കുറിച്ചുള്ള ചാക്രിയ ലേഖനം.
4.ദേശീയ വിദ്യാഭ്യാസനയം



5. ആധുനിക കാലഘട്ടത്തിൽ നിർമ്മിതബുദ്ധിയുടെ പ്രാധാന്യം

ക്രിസ്തുവിനോടും മനുഷ്യനോടും സന്ന്യസ്തർക്ക് അഭിനിവേശം ഉണ്ടാകണമെന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. സെന്റ് ഗൊരേറ്റി ഹൈസ്കൂൾ അധ്യാപിക സിസ്റ്റർ ജെസ്സി തോമസ് എല്ലാവർക്കും നന്ദി അറിയിച്ചു.

## ശുഭദർശൻ: നാലാം ക്ലാസ് കുട്ടികളുടെ കൂടി വരവ്



പുനലൂർ രൂപതയിലെ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന വിവിധ ഇടവകകളിലെ നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ കൂടിവരവ് 2024 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേര 4 മണിവരെ പുനലൂർ ബിഷപ്പ് ഹൗസിൽ വച്ച് നടന്നു. കുട്ടികളുടെ കൂടിവരവ് പുനലൂർ രൂപതാധ്യക്ഷൻ അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. പുനലൂർ രൂപതാ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വാസ്, രൂപത ചാൻസലർ റവ. ഡോ. റോയി ബി. സിംസൺ, രൂപതാ വിദ്യാഭ്യാസ സമിതി കോഡിനേറ്റർ റവ. ഫാ. ജെസ്റ്റിൻ സക്കറിയ എന്നിവർ സംഗമത്തിന് ആശംസകൾ അറിയിച്ചു. റവ. സിസ്റ്റർ പമീല മേരി, ശ്രീ സജീവ് ബി. വയലിൽ, കുമാരി എയ്ഞ്ചൽ, ആഗ്നസ് എലിസബത്ത്, ശ്രീമതി ദീപ, ബ്രദർ മാത്യു, ബ്രദർ അമൽ, ബ്രദർ അജയ് എന്നിവർ ഗ്രൂപ്പ്

ഡൈനാമിക്സ് പരിപാടികൾ നടത്തി. ഉച്ചയ്ക്ക് രണ്ടുമണിക്ക് ശേഷം പുനലൂർ സെൻറ് മേരീസ് കത്തീഡ്രൽ, ആറന്മുള സെൻ്റ് സെബാസ്റ്റ്യൻ എന്നീ ഇടവകകളിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സഹകരിച്ച എല്ലാവർക്കും ശുഭദർശൻ ഡയറക്ടർ ഫാ. ക്രിസ്റ്റി ജോസഫ് നന്ദി അറിയിച്ചു.

## ബിഷപ്പ് മത്യാസ് കാപ്പിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ ആൻഡ് ഹെറിറ്റേജ് ഞാറ്റുപാട്ട് മത്സരം



ബിഷപ്പ് മത്യാസ് കാപ്പിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ ആൻഡ് ഹെറിറ്റേജിന്റെ അഭിമുഖ്യത്തിൽ ഒക്ടോബർ 19-ാം തീയതി ശനിയാഴ്ച പത്തനാപുരം സി. എ. എം. എച്ച്. എസ്.-ൽ വച്ച് ഞാറ്റുപാട്ട് മത്സരം നടത്തി. പുനലൂർ രൂപതാധ്യക്ഷൻ അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുതൽ പിതാവ് ഞാറ്റുപാട്ട് മത്സരത്തിനു ആശംസകൾ നേർന്നു. ശ്രീ. സജീവ് വയലിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും ഏഴ് ടീമുകൾ പങ്കെടുത്തു. മത്സരത്തിൽ മരുതിമൂട് സെൻറ് ജോർജ് ജോർജ്ജ് ദേവാലയം ഒന്നാം സ്ഥാനവും കിഴക്കുപുറം ലിറ്റിൽ ഫ്ളവർ ചർച്ച് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്കുള്ള സമ്മാനദാനം കുറുമ്പകര സി. എ. എം. എച്ച്. എസ്. പ്രഥമാധ്യാപിക ശ്രീമതി ജാനറ്റ് നിർവഹിച്ചു. ഞാറ്റുപാട്ട് മത്സരത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ ദാസ് നേതൃത്വം നൽകി. അന്യം നിന്നുപോകുന്ന ഒരു കലാരൂപ മാണ് ഞാറ്റുപാട്ട്. പുതിയതലമുറക്ക് ഈ കലാരൂപം പരിചയപെടുത്താനും ഭാവിയിൽ ഈ മേഖലക്ക് രൂപത നൽകുന്ന സംഭാവന അടയാളപ്പെടുത്താനും ഇത്തരം മത്സരവേദികൾ സഹായിക്കുമെന്ന് ഫാ. സ്റ്റീഫൻ അഭിപ്രായപ്പെട്ടു. ഇത്തരം സംരഭങ്ങൾക്ക് പൂർണ പിന്തുണ നൽകുന്ന അഭിവന്ദ്യ പിതാവിനോടുള്ള നന്ദിയും അദ്ദേഹം രേഖപ്പെടുത്തി.

# III. യുവജന ശുശ്രൂഷ

### ഫുട്ബോൾ മത്സരത്തിൽ
### പുനലൂർ രൂപതക്ക് രണ്ടാം സ്ഥാനം

കെ.സി.വൈ.എം ലാറ്റിൻ സംസ്ഥാന കായികോത്സവം LATINO 2K24 പുനലൂർ രൂപത ഫുട്ബോൾ മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. പങ്കെടുത്ത ടീമംഗങ്ങൾക്ക് അഭിനന്ദനങ്ങൾ. ഡൊമിനിക്, മെൽവിൻ, ജോബിൻ, വിവേക്, സാജു, അബിൻ, ആൽബിൻ ജോസ്, റോബിൻ, മിഥുൻ, ജെറിൻ, എന്നിവർ ഉൾപ്പെടുന്ന ടീം കളത്തിൽ ഇറങ്ങി



# IV. സാമൂഹ്യ ശുശ്രൂഷ

## പി. എസ്സ്. എസ്സ്. എസ്സ്. വാർത്തകൾ

### വയനാടിനൊരു കൈത്താങ്ങ്

വയനാട് ജില്ലയിലെ മേപ്പാടി മേഖലയിലെ ചൂരൽ മലയിലും മുണ്ടക്കൈയിലുമുണ്ടായ ഉരുൾപ്പൊട്ടലിൽ അപകടത്തിൽപെട്ടവരുടെ പുനരധിവാസത്തിനായി വിവിധ ഇടവകകളിൽ നിന്നും പുനലൂർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ശേഖരിച്ച സംഭവാനകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| Sl. No. | Date | Name & Address of Parishes | Cash/ Bank | Receipt No. | Amount |
|---|---|---|---|---|---|
| 1 | 29.08.2024 | Christ the King Church, Puthoorkkara | Bank | 4249 | 3,000 |
| 2 | 29.08.2024 | Lourdumatha Church, Kadambanadu | Bank | 4250 | 11,000 |
| 3 | 02.09.2024 | St. Mary's Church, Thazhava | Cash | 4652 | 3,000 |
| 4 | 02.09.2024 | St. Joseph's Church, Sooranadu | Cash | 4653 | 25,265 |
| 5 | 02.09.2024 | Little Flower Church, Vilakkuvettom | Cash | 4654 | 500 |
| 6 | 02.09.2024 | Mrs. Philomina Iscard, Vilakkuvettom | Cash | 4655 | 500 |
| 7 | 02.09.2024 | Lourdumatha Church, Tholicode | Bank | 4656 | 10,000 |
| 8 | 02.09.2024 | St. Thomas Church, Narikkal Vazhavila | Bank | 4657 | 5,000 |
| 9 | 04.09.2024 | Stella Maris English Medium School, Kulathupuzha | Cash | 4658 | 23,280 |

| | | | | | |
|---|---|---|---|---|---|
| 10 | 04.09.2024 | Arogyamatha English Medium School, Vellachira | Cash | 4659 | 12,000 |
| 11 | 04.09.2024 | St. Jude Church, Koodal | Cash | 4660 | 2,000 |
| 12 | 04.09.2024 | St. Joseph's Church, Chengara Mission | Cash | 4661 | 1,000 |
| 13 | 10.09.2024 | St. Antony's Church, Kalayanadu | Cash | 4662 | 2,000 |
| 14 | 10.09.2024 | St. John of the Cross Church, Adoor | Cash | 4663 | 10,000 |
| 15 | 10.09.2024 | Lourde matha Church, Chooracode | Cash | 4664 | 5,000 |
| 16 | 25.09.2024 | Holy Cross Hospital, Adoor | Cash | 4667 | 70,000 |
| 17 | 26.09.2024 | Holy Cross College of Nursing, Adoor | Cash | 4668 | 15,000 |
| 18 | 27.09.2024 | St. Mary's Cathedral, Punalur | Bank | 4669 | 20,020 |
| 19 | 30.09.2024 | St. Antony's Church, Elavupalam | Bank | 4670 | 40,000 |
| 20 | 29.10.2024 | St. Joseph's Church, Edamon | Cash | 4671 | 17,700 |
| 21 | 29.10.2024 | Velankanni Matha Church, Ayiranalloor | Cash | 4672 | 2,000 |
| 22 | 29.10.2024 | St. Antony's Church, Edakadathy | Cash | 4673 | 6,200 |
| | | | | | |
| | | **TOTAL** | | | **2,84,465** |

## പൊതുവാർത്തകൾ

### വൈദികരുടെ മാസധ്യാനവും വിവാഹ സംബന്ധമായ വിഷയങ്ങളെ കുറിച്ചുള്ള ക്ലാസും ചർച്ചയും



പുനലൂർ രൂപതയിലെ വൈദികരുടെ മാസധ്യാനം 2024 ഒക്ടോബർ 8നു പത്തനാപുരം ആനിമേഷൻ സെന്ററിൽ വച്ചു നടത്തി. പ്രശസ്ത ധ്യാനഗുരു ജോനാഥ് കപ്പൂച്ചിൻ ധ്യാനം നയിച്ചു. തുടർന്ന്, വിവാഹ സംബന്ധമായ വിഷയങ്ങളെ കുറിച്ചുള്ള ക്ലാസ്സും ചർച്ചയും അഭിവന്ദ്യ രൂപതാധ്യക്ഷൻ സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ചർച്ചക്ക് തുടക്കം കുറിച്ചുകൊണ്ട് രൂപതാ ജുഡീഷ്യൽ വികാർ റവ. ഫാ. ക്രിസ്റ്റി ജോസഫ് വിവാഹത്തെ കുറിച്ചുള്ള ക്ലാസ്സ് നയിച്ചു. തുടർന്ന് വിഷയത്തിന്മേൽ ചർച്ചയും നടത്തപ്പെട്ടു. രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും സന്നിഹിതരായിരുന്നു.

## പാളയംകോട്ട മെത്രാൻ പുനലൂർ ബിഷപ്സ് ഹൗസ് സന്ദർശിച്ചു



പാളയം കോട്ട രൂപതാ മെത്രാൻ അഭിവന്ദ്യ അന്തോണി സാമി ശബരി മുത്തു പിതാവ് അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവിനെ സന്ദർശിച്ചു (28.10.2024). മരുതിമൂട് സെന്റ് ജൂഡ് തീർത്ഥാടന കേന്ദ്രത്തിൽ തിരുനാളിനോടനുബന്ധിച്ച് തമിഴ് ഭാഷയിലുള്ള ദിവ്യബലിയർപ്പണത്തിനായി എത്തിയതായിരുന്നു അഭിവന്ദ്യ പിതാവ്.

# അഭിനന്ദനങ്ങൾ...



സെപ്റ്റംബർ 21ന് സ്പെയിനിലെ സേവില്ല രൂപതയിലെ സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ബിഷപ്പ് ഹോസെ എയ്ഞ്ചൽ സൈസ് മേനെസിസിന്റെ കൈവയ്പ്പ് ശുശ്രൂഷ വഴി ഡീക്കൻപട്ടം സ്വീകരിച്ച പുനലൂർ രൂപതാംഗമായ

**ഡീക്കൻ സുജിത് സെബാസ്റ്റ്യൻ**

APJ അബ്ദുൽകലാം ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം (CET)-യിൽ നിന്നും ഫസ്റ്റ്ക്ലാസ്സോടെ ബിടെക് സിവിൽ എഞ്ചിനീയറിംഗിൽ ബിരുദം നേടിയ രൂപതാ പ്രൊക്യുറേറ്റർ കൂടിയായ

**ഫാ. അജീഷ് ക്ലീറ്റസ്**



# ആദരാഞ്ജലികൾ...



## മേരി ജോസ്ഫിൻ ഹെലൻ
## മരണം: 02. 10. 2024

ഇളംബൽ സെന്റ് ഫ്രാൻസിസ് അസ്സീസി ദേവാലയ വികാരി ബഹു. സഹായ റൂബിൻസ് അച്ചന്റെ വൽസല മാതാവ്

## മേരിയമ്മ ജോർജ്
## മരണം: 15. 10. 2024



കൊഴുവല്ലൂർ ലിറ്റിൽ ഫ്ളവർ ദേവാലയത്തിലെ വികാരിയും കൊഴുവല്ലൂർ ഫെറോന വികാരിയുമായ ബഹു. ജിജോ ജോർജിന്റെ വൽസല മാതാവാണ്.



## ജോൺ പാണാട്ട് (ശശിധരൻ)
## മരണം: 22. 10. 2024

കറ്റാനം ഹോളി ക്രോസ്സ് ദേവാലയ വികാരി ബഹു. ബിനോയി അച്ചന്റെ വൽസല പിതാവ്

# ഫൊറോനാ വാർത്തകൾ

## I.പത്തനാപുരം ഫൊറോന






ജപമാല മാസാചാരണത്തോടനുബന്ധിച്ച് നടത്തിയ ജപമാല റാലിയിൽ നിന്ന്

## II.കൊഴുവല്ലൂർ ഫൊറോന






ജപമാല മാസാചാരണത്തോടനുബന്ധിച്ച് നടത്തിയ ജപമാല റാലിയിൽ നിന്ന്

## III. ചാരുംമൂട് ഫൊറോന

ചാരുംമൂട് സെന്റ് മേരീസ് കെ.സി.വൈ.എം-ന്റെ നേതൃത്വത്തിൽ വേൾഡ് ചാരിറ്റി ഡേയോട് അനുബന്ധിച്ചു ഉപയോഗപ്രദമായ വസ്ത്രങ്ങൾ ശേഖരിച്ച് പത്തനാപുരം ഗാന്ധിഭവൻ സന്ദർശിച്ചു അവർക്കു കൈമാറി. കുഞ്ഞു കുട്ടികൾ മുതൽ പ്രായമായ കിടപ്പു രോഗികൾ വരെ, 1300 ഓളം ആളുകൾ ഉള്ള ഇവിടെ സന്ദർശിക്കാൻ ഇടവക വികാരി ഫാ.നിബു നെപ്പോളിയൻ, സിസ്റ്റേഴ്സ്, കുട്ടികൾ, മാതാപിതാക്കൾ, യുവജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.



## വിശുദ്ധ ഫ്രാൻസിസ് അസ്സീസി ദേവാലയം
## ഇളമ്പൽ, പുനലൂർ രൂപത



### ഇടവക മദ്ധ്യസ്ഥനായ
### വി.ഫ്രാൻസിസ് അസ്സീസിയുടെ

# തിരുനാൾ

**2024 നവംബർ 15 വെള്ളി മുതൽ 18 തിങ്കൾ വരെ**

- കൊടിയേറ്റ്
- ദിവ്യബലി
- വചനപ്രഘോഷണം
- പ്രദക്ഷിണം
- കൊടിയിറക്ക്
- സ്നേഹവിരുന്ന്
- കൃതജ്ഞതാബലി